പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4592** **29.06.2012-** ൽ മറുപടിക്ക്

വിദേശത്ത് വച്ച് മരണമടയുന്നവരുടെ ആശ്രിതരായ മാതാപിതാക്കൾക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്ത് വച്ച് മരണമടയുന്നവരുടെ ആശ്രിതരായ മാതാപിതാക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള പ്രവാസികൾ മരണമടയുന്ന പക്ഷം ആശ്രിതർക്ക് ധനസഹായം ബോർഡിൽ നിന്ന് നൽകി വരുന്നുണ്ട്. ധനസഹായത്തിന് അംഗത്തിന്റെ ആശ്രിതരിൽ താഴെ പറയുന്ന മുൻഗണനാക്രമത്തിൽ ഒരാൾക്ക്, അവരുടെ വരുമാനമോ ആശ്രിതത്വമോ കണക്കിലെടുക്കാതെ അർഹതയുണ്ടായിരിക്കുന്നതാണ്.<br>(എ) സാധുവായ നാമനിർദ്ദേശമുണ്ടെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ<br>(ബി) ഭാര്യ/ഭർത്താവ്<br>(സി) പ്രായപൂർത്തിയാകാത്ത പുത്രന്മാർ.<br>(ഡി) പ്രായപൂർത്തിയാകാത്ത പുത്രിമാർ.<br>(ഇ) അവിവാഹിതരായ പുത്രിമാർ.<br>(എഫ്) വിധവകളായ പുത്രിമാർ.<br>(ജി) മാതാപിതാക്കൾ.<br>(എച്ച്) സഹോദരി/സഹോദരന്മാർ.<br>(ഐ) മറ്റ് നിയമാനുസൃത അവകാശികൾ.<br>കൂടാതെ വിദേശരാജ്യങ്ങളിൽ വച്ച് മരണമടയുന്ന പ്രവാസി കേരളീയരുടെ മാതാപിതാക്കളുൾപ്പെടെയുള്ള ആശ്രിതർക്ക് യോഗ്യതാക്രമത്തിൽ സാന്ത്വന, |

ചെയർമാൻ ഫണ്ട്, കാരുണ്യം, തിരിച്ചറിയൽ കാർഡ് എന്നീ പദ്ധതികൾ മുഖാന്തിരം ധനസഹായം നൽകിവരുന്നുണ്ട്

(ബി)ചാലക്കുടി മണ്ഡലത്തിലെ കൊടകര പഞ്ചായാത്തിൽപ്പെട്ട ശ്രീമതി പാപ്പമ്മ ഗോപാലൻ, ചെറിയ വീട്ടിൽ, കാവിൽദേശം എന്നയാളുടെ മകൻ രമേഷ് ഷാർജയിൽ വച്ച് മരണമടഞ്ഞതിനെ തുടർന്ന് അരക്ഷിതാവസ്ഥയിലായ കുടുംബത്തിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി പാപ്പമ്മ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂലനടപടി അടിയന്തിരമായി സ്വീകരിക്കുമോ?

(ബി) സാന്ത്വന പദ്ധതിയിൻ കീഴിലുള്ള ധനസഹായത്തിനായി ശ്രീമതി. പാപ്പമ്മ ഗോപാലൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ നോർക്ക – റൂട്ട്സിൽ ലഭ്യമായിട്ടുണ്ട്. ആയതിന്മേലുള്ള അന്വേഷണം നടത്തുന്നതിലേയ്ക്കായി എറണാകുളം സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ